പിഎസ്സി കമീഷനംഗം പി കെ വിജയകുമാർ വിരമിച്ചു

തിരുവനന്തപുരം

കേരള പബ്ലിക് സർവീസ് കമീഷൻ അംഗം പി കെ വിജയകുമാർ വിരമിച്ചു. പിഎസ്സി ആസ്ഥാന ഓഫീസിൽ സംഘടിപ്പിച്ച യാത്രയയപ്പ് ചടങ്ങിൽ ചെയർമാൻ ഡോ. എം ആർ ബൈജു അധ്യക്ഷനായി. കമീഷൻ അംഗങ്ങളായ ഡോ. കെ പി സജിലാൽ, ടി ആർ അനിൽകുമാർ എന്നിവർ ആശംസകളർപ്പിച്ചു. പരീക്ഷാ കൺട്രോളർ എസ് അനിത, സെക്രട്ടറി സാജു ജോർജ്, അഡീഷണൽ സെക്രട്ടറി ബാലചന്ദ്രൻ പിള്ള എന്നിവർ സംസാരിച്ചു.

സിഡ്കോ കേസ്: 5.24 കോടി രൂപ ഇഡി കണ്ടുകെട്ടി

കൊച്ചി

സിഡ്കോ മണൽഖനന കേസിൽ കൊച്ചി എൻഫോഴ്സമെന്റ് ഡയറക്ടറേറ്റ് 5.24 കോടി രൂപയുടെ സ്വത്തുക്കൾ കണ്ടുകെട്ടി. ആരുടെ സ്വത്താണ് കണ്ടുകെട്ടിയതെന്ന് വ്യക്തമാക്കിയിട്ടില്ല. മണൽഖനനത്തിലൂടെ സിഡ്കോ മുൻ എംഡി സജി ബഷിറിന് 1.29 കോടി രൂപയും എജിഎം ആയിരുന്ന എസ് അജിത്കുമാറിന് ആറുലക്ഷം രൂപയും ലഭിച്ചെന്ന് ഇഡി പറയുന്നു. തിരുവനന്തപുരം മേനംകുളത്ത് ടെലികോം സിറ്റിക്കായുള്ള ഭൂമിയിൽ നിന്ന് മണൽ വിറ്റതിൽ സിഡ്കോയ്ക്ക് നഷ്ടമുണ്ടാക്കിയെന്ന വിജിലൻസ് കേസിന്റെ അടിസ്ഥാനത്തിലാണ് ഇഡി കേസെടുത്തത്. സജി ബഷീറിനെയും കുടുംബത്തെയും അന്വേഷക സംഘം കഴിഞ്ഞയാഴ്ച കൊച്ചി ഓഫീസിൽ ചോദ്യം ചെയ്തിരുന്നു. കേസിൽ അന്വേഷണം തുടരുകയാണ്.

തിരുവനന്തപുരം ഗവ. വനിതാ കോളേജിൽ നിന്നും വിരമിച്ച അസോസിയറ്റ് പ്രൊഫസറും സംസ്കൃത വിഭാഗം തലവനുമായ ഡോ. ആനന്ദ് ദിലീപ് രാജ്. എകെജി സിടി സംസ്ഥാന പ്രവർത്തക സമിതി അംഗമാണ്.

ജനകീയ ജലബജറ്റ് പ്രകാശനം 12ന്

തിരുവനന്തപുരം

രാജ്യത്താദ്യമായി തദ്ദേശ സ്ഥാപനതലത്തിൽ തയ്യാറാക്കിയ ജനകീയ ജലബജറ്റ് 12ന് മുഖ്യമന്ത്രി പിണറായി വിജയൻ മന്ത്രി എം ബി രാജേഷിനു നൽകി പ്രകാശിപ്പിക്കും. മാസ്കറ്റ് ഹോട്ടലിൽ നടക്കുന്ന ചടങ്ങിൽ ജലവിഭവ മന്ത്രി റോഷി അഗസ്റ്റിൻ അധ്യക്ഷനാകും. ആദ്യഘട്ടത്തിൽ 94 ഗ്രാമപഞ്ചായത്തുകളിൽ തയ്യാറാക്കിയ ജലബജറ്റാണ് പ്രകാശിപ്പിക്കുക. തെരഞ്ഞെടുത്ത 15 ബ്ലോക്ക് പഞ്ചായത്തിലെ ഗ്രാമപഞ്ചായത്തുകളിൽ നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ജനകീയ പങ്കാളിത്തത്തോടെയാണ് ജലബജറ്റ് തയ്യാറാക്കിയത്. ഇതിന്റെ മുന്നോടിയായി നടത്തിയ ജനകീയ മാപത്തോൺ മാപ്പിങ് സംബന്ധിച്ച പുസ്തക പ്രകാശനവും ചടങ്ങിൽ നടക്കും.

റോയ് തോമസിന്റെ ശരീരത്തിൽ സയനൈഡ് സാന്നിധ്യമെന്ന് മൊഴി

കോഴിക്കോട്

കൂടത്തായി കൂട്ടക്കൊല പരമ്പരയിൽ കൊല്ലപ്പെട്ട റോയ് തോമസിന്റെ ശരീരത്തിൽ സയനൈഡ് സാന്നിധ്യം കണ്ടെത്തിയിരുന്നതായി മൊഴി. കോഴിക്കോട് റീജണൽ ഫോറൻസിക് ലാബിലെ അസി. കെമിക്കൽ എക്സാമിനർ രാജാ ബെൻസിയാണ് മാറാട് പ്രത്യേക അഡീഷണൽ സെഷൻസ് ജഡ്ജ് എസ് ആർ ശ്യാംലാൽ മുമ്പാകെ മൊഴിനൽകിയത്. ആന്തരികാവയവങ്ങളുടെ പരിശോധനയിൽ സയനൈഡ് സാന്നിധ്യം സ്ഥിരീകരിച്ചെന്നാണ് മൊഴി. കെമിക്കൽ എക്സാമിനർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റും കോടതിയുടെ മുന്നിലുണ്ട്. കേസിലെ ഒന്നാം പ്രതിയായ ജോളി ഭർത്താവായിരുന്ന റോയ് തോമസിനെ സയനൈഡ് നൽകി കൊന്നു എന്നാണ് കേസ്.

ഇറ്റലിയിൽ ഇംഗ്ലീഷിന് നിയന്ത്രണം

റോം

ഇംഗ്ലീഷ് ഉപയോഗം നിയന്ത്രിക്കാൻ കടുത്ത നടപടികളുമായി ഇറ്റലി. ഔദ്യോഗിക ആശയവിനിമയത്തിൽ ഇംഗ്ലീഷും മറ്റ് വിദേശ ഭാഷകളുമുപയോഗിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പിഴ ചുമത്താനാണ് നീക്കം. തീവ്ര വലതുപക്ഷനേതാവായ പ്രധാനമന്ത്രി ജോർജിയ മെലൊനിയുടെ പിന്തുണയോടെ ഇതുസംബന്ധിച്ച നിയമനിർമാണത്തിന് നീക്കം തുടങ്ങി. ഔദ്യോഗിക ആശയവിനിമയങ്ങളിലും ഡോക്യുമെന്റേഷനുകളിലും വിദേശ ഭാഷകൾ ഉപയോഗിച്ചാൽ പിഴ ചുമത്താനാണ് കരട് നിയമത്തിൽ നിർദേശം.

സ്കൂൾ വിദ്യാഭ്യാസ കോൺഗ്രസ് സമാപിച്ചു

പൊതുവിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണം സുപ്രധാന നയം: മന്ത്രി

സ്വന്തം ലേഖകൻ

കോവളം

പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുക എന്നത് സർക്കാരിന്റെ സുപ്രധാന നയമാണെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ. പ്രഥമ കേരള സ്കൂൾ വിദ്യാഭ്യാസ കോൺഗ്രസിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സർക്കാരിന്റെ ശമ്പള വിഹിതത്തിൽ 47 ശതമാനവും ചെലവഴിക്കുന്നത് അധ്യാപകർക്ക് ശമ്പളം നൽകാൻ വേണ്ടിയാണ്. ഇത് സംസ്ഥാന സർക്കാർ പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് എത്ര പ്രാധാന്യം നൽകുന്നു എന്നതിന്റെ തെളിവാണ്. കേരള സ്കൂൾ വിദ്യാഭ്യാസ കോൺഗ്രസിന്റെ ഭാവി പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും ധനമന്ത്രി വാഗ്ദാനം ചെയ്തു.

സ്കൂൾ വിദ്യാഭ്യാസ കോൺഗ്രസിന് തുടർച്ചയുണ്ടാകുമെന്ന് അധ്യക്ഷനായ പൊതുവിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. വിദ്യാഭ്യാസ രംഗത്തെ ഗവേഷണങ്ങൾ കേരളീയ വിദ്യാഭ്യാസത്തെ മുന്നോട്ടു നയിക്കുന്നതിൽ സഹായകമാകുന്നുണ്ടോ എന്ന പരിശോധന അനിവാര്യമാണ്. ഉന്നതവിദ്യാഭ്യാസത്തിന്റെ ഭാഗമായി നടക്കുന്ന ഗവേഷണങ്ങളാണ് സ്കൂൾ വിദ്യാഭ്യാസത്തിന്റെ അക്കാദമിക മുന്നേറ്റത്തിന് വഴിവിളക്കാകേണ്ടതെന്നും മന്ത്രി വി ശിവൻകുട്ടി പറഞ്ഞു.

പ്രഥമ കേരള സ്കൂൾ വിദ്യാഭ്യാസ കോൺഗ്രസിന്റെ സമാപനത്തിൽ ഫിൻലൻഡിൽ നിന്നെത്തിയ പ്രൊഫസർ ജ്യോന്ന കാംഗ്സിനെ മന്ത്രി വി ശിവൻകുട്ടി ആദരിക്കുന്നു. മന്ത്രി കെ എൻ ബാലഗോപാൽ സമീപം

മൂന്ന് ദിവസമായി നടന്ന വിദ്യാഭ്യാസ കോൺഗ്രസിൽ 132 പേർ പ്രബന്ധം അവതരിപ്പിച്ചു. മികച്ച പ്രബന്ധം അവതരിപ്പിച്ച ഡോ. എ കെ ലീന, ഡോ. പി എസ് ഇന്ദു, ഡോ. അജിത് ആർ പിള്ള, കൃപ അനിൽകുമാർ, പഞ്ചമി ജോസ്, ദീപക് അരുൺ തുടങ്ങിയവർക്ക് ധനമന്ത്രിയും വിദ്യാഭ്യാസ മന്ത്രിയും ചേർന്ന് സർട്ടിഫിക്കറ്റും മെഡലും സമ്മാനിച്ചു. പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി എ പി എം മുഹമ്മദ് ഹനീഷ്, പൊതുവിദ്യാഭ്യാസ ഡയറക്ടർ കെ ജീവൻ ബാബു, എസ്സിഇആർടി ഡയറക്ടർ ഡോ. ആർ കെ ജയപ്രകാശ്, പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ ഏജൻസികളുടെ ഡയറക്ടർമാർ തുടങ്ങിയവർ പങ്കെടുത്തു.

കൈയടി നേടി പത്താം ക്ലാസുകാരന്റെ പ്രബന്ധം

വി വിനീത്

കോവളം

ദീപക് അരുൺ

പത്താം ക്ലാസ് വിദ്യാർഥിയുടെ പ്രബന്ധം പ്രഥമ സ്കൂൾ വിദ്യാഭ്യാസ കോൺഗ്രസിന്റെ കൈയടി നേടി. കൊല്ലം തേവന്നൂർ ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ ദീപക് അരുൺ ആണ് സ്വയംപര്യാപ്തതയിലൂന്നിയ പൊതുവിദ്യാഭ്യാസത്തിന്റെ വേറിട്ട മാതൃക ഉൾക്കൊള്ളുന്ന പ്രബന്ധം അവതരിപ്പിച്ചത്.

തന്റെ ആശയത്തിന്റെ പ്രയോഗവൽക്കരണത്തെ സംബന്ധിച്ച പോസ്റ്ററും തയ്യാറാക്കിയായിരുന്നു അവതരണം. പുതുതലമുറയെ പഠനത്തോടൊപ്പം ജീവിതത്തിന്റെ എല്ലാ മേഖലകളിലും പരിശീലനം ഉറപ്പാക്കുന്ന പാഠ്യപദ്ധതിയാണ് ദീപക്കിന്റെ ആശയം. ഭക്ഷണം തയ്യാറാക്കൽ മുതൽ പഠന ചെലവുകൾക്കുള്ള തുക കണ്ടെത്തുന്നതുവരെയുള്ള കരിക്കുലം പ്ലാനിങ് പ്രബന്ധത്തിലുണ്ട്.

ഗാന്ധിജി മുന്നോട്ടുവച്ച വിദ്യാഭ്യാസ രീതിയിൽനിന്നാണ് പുതിയകാലത്തിന് അനുയോജ്യമായ പഠനരീതി സംബന്ധിച്ച ആശയം രൂപപ്പെടുത്തിയെടുത്തതെന്ന് ദീപക് അരുൺ പറഞ്ഞു. സ്കൂൾ വിദ്യാഭ്യാസ കോൺഗ്രസിൽ പ്രബന്ധം അവതരിപ്പിച്ച 132 പേരിൽ ഏക സ്കൂൾ വിദ്യാർഥിയാണ്. കൊല്ലം ആയൂർ വേങ്ങൂർ ചരുവിള വീട്ടിൽ അരുൺകുമാറിന്റെയും ദീപ്തിയുടെയും ഏക മകനാണ്.

ഉന്നത വിദ്യാഭ്യാസ കരിക്കുലം: ശിൽപ്പശാലയ്ക്ക് തുടക്കം

തിരുവനന്തപുരം

സംസ്ഥാനത്ത് ബിരുദ കോഴ്സുകളുടെ പാഠ്യപദ്ധതി പരിഷ്കരണത്തിനായി ഉന്നത വിദ്യാഭ്യാസ കരിക്കുലം ശിൽപ്പശാല ആരംഭിച്ചു. നാലു വർഷമാക്കുന്ന ബിരുദ കോഴ്സുകളുടെയും ഫൗണ്ടേഷൻ കോഴ്സുകളുടെയും പാഠ്യപദ്ധതി രൂപീകരിക്കുന്നതിനാണ് ശിൽപ്പശാല. മന്ത്രി ആർ ബിന്ദു ഉദ്ഘാടനം ചെയ്തു. വിവിധ വിഷയങ്ങളിൽ ഉന്നിയുള്ള സമീപന രേഖകളും ഫൗണ്ടേഷൻ കോഴ്സുകളുടെ മാർഗനിർദേശങ്ങളുടെ കരടുമാണ് ചർച്ച ചെയ്യുന്നത്. ചൊവ്വാഴ്ചയും ചർച്ച തുടരും. നിർദേശങ്ങൾ ബുധനാഴ്ച ചേരുന്ന കരിക്കുലം കമ്മിറ്റി പരിഗണിക്കും. അംഗീകരിക്കുന്നവ സർവകലാശാലകളുടെ പരിഗണനയ്ക്ക് വിടും.

ഉന്നത വിദ്യാഭ്യാസ കരിക്കുലം ശിൽപ്പശാല മന്ത്രി ആർ ബിന്ദു ഉദ്ഘാടനം ചെയ്യുന്നു

ശിൽപ്പശാലയിൽ ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ പ്രൊഫ. രാജൻ ഗുരുക്കൾ അധ്യക്ഷനായി. മെമ്പർ സെക്രട്ടറി ഡോ. രാജൻ വർഗീസ്, കരിക്കുലം കമ്മിറ്റി ചെയർമാൻ പ്രൊഫ.സുരേഷ് ദാസ്, ഉന്നതവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി ഇഷിത റോയ്, ഡോ. ഷെഫീഖ് തുടങ്ങിയവർ സംസാരിച്ചു.

ജനപക്ഷത്ത് നിൽക്കുന്നതാകണം പാഠ്യപദ്ധതി: മന്ത്രി ആർ ബിന്ദു

തിരുവനന്തപുരം

കേരളത്തിന്റെ ജീവിതനിലവാരം ഉയർത്താനുതകുന്നതും ജനപക്ഷത്ത് നിൽക്കുന്നതുമാകണം പാഠ്യപദ്ധതിയെന്ന് ഉന്നത വിദ്യാഭ്യാസമന്ത്രി ആർ ബിന്ദു. ബിരുദ കോഴ്സുകളുടെ കരിക്കുലം പരിഷ്കരണ ശിൽപ്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. 2020ലെ ദേശീയ വിദ്യാഭ്യാസനയത്തിന്റെ അന്ധമായ ആവർത്തനമോ അതേ മാതൃകയിലുള്ളതോ ആയ കരിക്കുലം പരിഷ്കരണം ആയിരിക്കില്ല കേരളത്തിലേത്. സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ സങ്കൽപ്പങ്ങൾ എക്കാലത്തും ഉയർത്തിപ്പിടിച്ചിട്ടുള്ള സമൂഹമാണ് കേരളം. അതുകൊണ്ടാണ് കേരളത്തിലെ പൊതുവിദ്യാഭ്യാസമേഖലയ്ക്ക് ഏറെ മുന്നിലെത്താനായത്. കേരളം മുന്നോട്ടുവയ്ക്കുന്ന വൈജ്ഞാനിക സമൂഹം എന്നത് ഒരു ബദൽ മാതൃകയാണ്. അത് സംസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറ വിപുലീകരിക്കാൻ സഹായകരമാകുന്നതാണ്.

വ്യക്തിപരമായ താൽപ്പര്യങ്ങൾക്ക് ഊന്നൽ നൽകുന്നതോ, ലാഭചിന്താഗതിയിൽ ഉള്ളതോ ആകരുത് കേരളം സൃഷ്ടിക്കുന്ന വൈജ്ഞാനിക സമൂഹം. ഒരു ബദൽ വൈജ്ഞാനിക സമൂഹം മനുഷ്യസമൂഹത്തിന് നല്ല നിലയിൽ പ്രയോജനപ്പെടുത്താനാകുന്നത് എന്നതിന് ഒരു ലോകമാതൃകയായിരിക്കണം കേരളത്തിൽ സൃഷ്ടിക്കേണ്ടത്. ഈ ആശയമല്ല ദേശീയ വിദ്യാഭ്യാസ നയം ഉറപ്പാക്കുന്നത്. വിശാലമായ ഇത്തരം കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലായിരിക്കണം നമ്മുടെ കരിക്കുലം രൂപീകരിക്കേണ്ടത്. നാലു വർഷ ബിരുദ കോഴ്സ് എന്നത് അഖിലേന്ത്യാ തലത്തിൽ എല്ലാവരും അംഗീകരിച്ചതാണ്. അതിൽനിന്ന് നമുക്കു മാത്രമായി മാറിനിൽക്കാൻ കഴിയില്ലെന്നും മന്ത്രി ആർ ബിന്ദു പറഞ്ഞു.

ചന്ദ്രനെ തൊടും ഈ നാൽവർ സംഘം

വാഷിങ്ടൺ

അരനൂറ്റാണ്ടിനു ശേഷമുള്ള ആദ്യ മനുഷ്യ ചാന്ദ്രയാത്രയ്ക്ക് സജ്ജമായി നാസ. ആർട്ടെമിസ് 2 ദൗത്യത്തിനായി തെരഞ്ഞെടുക്കപ്പെട്ട നാലുപേരെ പ്രഖ്യാപിച്ചു. നാസയുടെ മൂന്നും കനേഡിയൻ സ്പേസ് എജൻസിയുടെ ഒരാളുമാണ് ചന്ദ്രനിലേക്ക് പോകുക. ഫ്ലൈറ്റ് എൻജിനിയറായ ക്രിസ്റ്റിന കച്ചാ(നാസ)ണ് സംഘത്തിലെ ഏക വനിത. നാസയുടെ റിയ്ദ് വൈസ്മാനാണ് ദൗത്യത്തിന്റെ കമാൻഡർ. പൈലറ്റ് വിക്ടർ ഗ്ലോവർ(നാസ), ജെർമി ഹാൻസൻ(ക്യാനഡ) എന്നിവരാണ് മറ്റുള്ളവർ.

നാസ ജോൺസൺ സ്പേയ്സ് സെന്ററിൽ തിങ്കൾ രാത്രിയാണ് അഡ്മിനിസ്ട്രേറ്റർ ബിൽ നെൽസൺ ദൗത്യാംഗങ്ങളെ പ്രഖ്യാപിച്ചത്. ചന്ദ്രനിൽനിന്ന് ചൊവ്വയിലേക്കും അവിടെനിന്ന് അപ്പുറത്തേക്കുമുള്ള മനുഷ്യന്റെ വലിയ യാത്രയ്ക്കുള്ള തുടക്കമാണിതെന്ന് അദ്ദേഹം പറഞ്ഞു. പരിശീലനം ലഭിച്ച അമ്പതിലധികം പേരിൽ നിന്നാണ് നാലു പേരെ തെരഞ്ഞെടുത്തത്. അടുത്ത വർഷം നവംബറിലാണ് ദൗത്യം. ചന്ദ്രന്റെ ഭ്രമണപഥത്തിലെത്തിയശേഷം ഗഗനചാരികൾ മടങ്ങും. നാല് ലക്ഷം കിലോമീറ്റർ അകലെയുള്ള ചന്ദ്രനിലേക്കും തിരിച്ചും പത്തു ദിവസം നീളുന്ന യാത്രയാണ് നിശ്ചയിച്ചിരിക്കുന്നത്. 2025ൽ ആർട്ടെമിസ് മൂന്നാം ദൗത്യത്തിൽ ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിൽ മനുഷ്യനെ ഇറക്കുകയാണ് ലക്ഷ്യം. ഭാവിയിൽ ചന്ദ്രനിൽ മനുഷ്യകോളനികൾ സ്ഥാപിക്കുകയെന്ന ലക്ഷ്യത്തിന്റെ ഭാഗമാണ് ആർട്ടെമിസ് ദൗത്യം. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ തുടർച്ചയായി 328 ദിവസം താമസിച്ച വനിതയെന്ന റിക്കാർഡിന് ഉടമയാണ് ക്രിസ്റ്റിന. 1972 ഡിസംബറിൽ അപ്പോളോ– 17 ആയിരുന്നു അവസാനത്തെ മനുഷ്യ ചാന്ദ്ര ദൗത്യം.

ചാന്ദ്ര ദൗത്യത്തിനായി തെരഞ്ഞെടുക്കപ്പെട്ടവർ: ഇടത്തു നിന്ന് വലത്തോട്ട്, ക്രിസ്റ്റിന കച്ച, റിയ്ദ് വൈസ്മാൻ, വിക്ടർ ഗ്ലോവർ, ജെർമിഹാൻസൻ

72 കെഎസ്ആർടിസി ഡിപ്പോയിൽ പുതിയ ശുചിമുറി

തിരുവനന്തപുരം

കെഎസ്ആർടിസി ഡിപ്പോകളിലെ നവീകരിച്ച ശുചിമുറികൾ ഗതാഗത മന്ത്രി ആന്റണി രാജു ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്തെ 72 ഡിപ്പോയിലെ 72 ശുചിമുറിയാണ് നവീകരിച്ചത്. കെഎസ്ആർടിസി സ്റ്റേഷനുകളിലെ ശുചിമുറികൾ വൃത്തിഹീനമാണെന്ന പരാതികളെ തുടർന്നാണ് നവീകരിക്കാൻ പദ്ധതി പ്രഖ്യാപിച്ചത്. ഓരോ ഡിപ്പോയിലും യൂണിറ്റ് ഓഫീസർ ചെയർമാനായും ഉദ്യോഗസ്ഥർ, അംഗീകൃത ട്രേഡ് യൂണിയൻ പ്രതിനിധി എന്നിവർ അംഗങ്ങളായും കമ്മിറ്റി രൂപീകരിച്ച് അവരെ നിർമാണം ഏൽപ്പിക്കുകയായിരുന്നു. അഞ്ചുലക്ഷം രൂപവരെ ഉപയോഗിച്ചാണ് ഓരോ ശുചിമുറിയും പുനർനിർമിച്ചത്. ഒമ്പത് തദ്ദേശ സ്ഥാപനവുമായി ചേർന്ന് ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരവും ശുചിമുറികൾ നിർമിച്ചു. എറണാകുളത്ത് ലയൺസ് ക്ലബ്ബുമായി ചേർന്നാണ് നവീകരിക്കുന്നത്. പദ്ധതി വിജയകരമായ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ മുഴുവൻ കെഎസ്ആർടിസി ബസ് സ്റ്റേഷനുകളും ആധുനികവൽക്കരിക്കുമെന്ന് മന്ത്രി പറഞ്ഞു. ഡിപ്പോകൾക്ക് പൊതുവായി ഒരു നിറം നൽകാൻ സിഎംഡിയോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. കാത്തിരിപ്പ് കേന്ദ്രങ്ങളിൽ ഏകീകൃത രീതിയിൽ കസേരകൾ, പുതിയ ഫാനുകൾ, എൽഇഡി ലൈറ്റുകൾ, സൗജന്യ കുടിവെള്ളം, ടിവി സൗണ്ട് സിസ്റ്റം എന്നിവ സജ്ജീകരിക്കും. 10 ലക്ഷം രൂപ ഓരോ ഡിപ്പോയ്ക്കും പ്ലാൻ ഫണ്ടിൽനിന്ന് അനുവദിച്ച് ആറുമാസത്തിനകം പ്രവർത്തനം പൂർത്തീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി. കെഎസ്ആർടിസി സിഎംഡി ബിജുപ്രഭാകറും പങ്കെടുത്തു.

ഇന്ത്യയിലെ ആദ്യ 5ജി എനേബിൾഡ് ലൈവ് ആംബുലൻസ് കേരളത്തിൽ

തിരുവനന്തപുരം

നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടെ കേരളത്തിന്റെ ആരോഗ്യമേഖലയെ കൂടുതൽ മെച്ചപ്പെടുത്താൻ 'അപ്പോത്തിക്കിരി' സ്റ്റാർട്ടപ് കമ്പനി. ഇതിന്റെ ഭാഗമായി ഇന്ത്യയിലെ ആദ്യത്തെ അസിസ്റ്റഡ് റിയാലിറ്റി ആംബുലൻസും കേരളത്തിലെ ആദ്യ 5ജി എനേബിൾഡ് ലൈവ് ആംബുലൻസുമായ അപ്പോക്കിന് രൂപം നൽകിയിരിക്കുകയാണ് മെഡിക്കൽ സ്റ്റാർട്ടപ് കമ്പനിയായ അപ്പോത്തിക്കിരി. ആസ്റ്റർ ഗ്രൂപ്പിന്റെ എറണാകുളത്തെ ഹോസ്പിറ്റലിലാണ് ആംബുലൻസിന്റെ ആദ്യ മോഡൽ പ്രവർത്തനമാരംഭിച്ചിരിക്കുന്നത്. അപകടത്തിൽപ്പെട്ട ഒരു രോഗിയുടെ പ്രാഥമിക ചികിത്സ ഉറപ്പുവരുത്താൻ ടെലി മെഡിക്കൽ സോഫ്റ്റ്‌വെയറുകളുടെ സഹായത്തോടെ ലൈവായി ലോകത്തെവിടെയുമുള്ള വിദഗ്ധരുമായി ആംബുലൻസിലുള്ളവർക്ക് ബന്ധപ്പെടാനാകും. ഇതിലൂടെ ആശുപത്രിയിലേക്കുള്ള യാത്രാമധ്യേതന്നെ രോഗിക്ക് ആവശ്യമായ പരിശോധനനയും പ്രാഥമിക ചികിത്സയും നൽകാനാകും. അപ്പോക് സ്റ്റാർട്ട് ഐ വെയർ ധരിച്ചാണ് ആംബുലൻസിലെ ഡോക്ടർ രോഗിയെ പരിചരിക്കുക. ഡോക്ടർ രോഗിയെ നോക്കുന്നതോടെ അതിലെ കാമറക്കണ്ണുകൾ ദൂരെയുള്ള ഡോക്ടർമാർക്കും അതേ ദൃശ്യം ലഭ്യമാക്കും. ഏകദേശം രണ്ടരക്കോടി രൂപ ആംബുലൻസിന് ചെലവായി. സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും ഒരോ ആംബുലൻസ് വീതം സജ്ജമാക്കുകയാണ് ലക്ഷ്യമെന്ന് ആസ്റ്റർ ഇന്ത്യയുടെ വൈസ് പ്രസിഡന്റ് ഫർഹാൻ യാസിനും അപ്പോത്തിക്കിരി മാനേജിങ് ഡയറക്ടറും സിഇഒയുമായ ഡോ. നദീം, ഡയറക്ടർമാരായ മുനീബ് അബ്ദുൾ മജീദ്, ഹൈദർ ഷെഹാൻഷ എന്നിവരും വാർത്താസമ്മേളനത്തിൽ പറഞ്ഞു. ലാബ് സൗകര്യം അടക്കമുള്ള അപ്പോക് രോഗികളുടെ ജീവൻ രക്ഷിക്കുന്നതിൽ വലിയ പങ്കുവഹിക്കുമെന്ന് അപ്പോത്തിക്കിരി സംഘം പറഞ്ഞു. 11ന് തിരുവനന്തപുരത്ത് ശശി തരൂർ എംപി ആംബുലൻസ് ലോഞ്ച് ചെയ്യും.

മുഖ്യമന്ത്രിയുടെ എക്സലൻസ് പുരസ്കാരങ്ങൾ ലുലു ഏറ്റുവാങ്ങി

തിരുവനന്തപുരം

സംസ്ഥാനത്തെ മികച്ച വാണിജ്യ വ്യവസായ സ്ഥാപനങ്ങൾക്കുള്ള മുഖ്യമന്ത്രിയുടെ എക്സലൻസ് വിഭാഗത്തിലെ രണ്ട് അവാർഡ് ലുലു ഗ്രൂപ്പിന്. മികച്ച തൊഴിലാളി തൊഴിലുടമ സൗഹൃദ തൊഴിലിടാന്തരീക്ഷം ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ട് തൊഴിൽവകുപ്പ് നടപ്പാക്കുന്ന ഗ്രേഡിങ് പദ്ധതിയുടെ ഭാഗമായി മികച്ച സൂപ്പർമാർക്കറ്റിനുള്ള ചീഫ് മിനിസ്റ്റേഴ്സ് എക്സലൻസ് പുരസ്കാരം കൊച്ചി ലുലു മാളിലെ ലുലു ഹൈപ്പർ മാർക്കറ്റിന് മന്ത്രി വി ശിവൻകുട്ടി സമ്മാനിച്ചു. ലുലു കൊമേഴ്സ്യൽ മാനേജർ സാദിഖ് കാസിം, കൊച്ചി ലുലു ഹൈപ്പർ മാർക്കറ്റ് ജനറൽ മാനേജർ സുധീഷ് നായർ, എച്ച്ആർ വിഭാഗം മേധാവി കെ പി രാജീവ് എന്നിവർ ചേർന്ന് അവാർഡ് ഏറ്റുവാങ്ങി.

മികച്ച സൂപ്പർമാർക്കറ്റിനുള്ള ചീഫ് മിനിസ്റ്റേഴ്സ് എക്സലൻസ് പുരസ്കാരം കൊച്ചി ലുലു ഹൈപ്പർ മാർക്കറ്റിനുവേണ്ടി കൊമേഴ്സ്യൽ മാനേജർ സാദിഖ് കാസിം, മികച്ച സ്റ്റാർ ഹോട്ടൽ വിഭാഗത്തിൽ കൊച്ചി മാരിയേറ്റിനുവേണ്ടി എച്ച്ആർ അസിസ്റ്റന്റ് ഡയറക്ടർ ശ്യാം നായർ എന്നിവർ ചേർന്ന് ഏറ്റുവാങ്ങുന്നു

മികച്ച സ്റ്റാർ ഹോട്ടൽ വിഭാഗത്തിൽ ലുലു ഗ്രൂപ്പിന്റെ കീഴിലുള്ള കൊച്ചി മാരിയേറ്റിനുവേണ്ടി എച്ച്ആർ അസിസ്റ്റന്റ് ഡയറക്ടർ ശ്യാം നായർ, ലുലു കൊമേഴ്സ്യൽ മാനേജർ സാദിഖ് കാസിം എന്നിവർ ഏറ്റുവാങ്ങി.

രാജന്റെ കഥകൾ കാലഘട്ടത്തിന്റെ അടയാളപ്പെടുത്തൽ: മന്ത്രി

കൊച്ചി

ദേശാഭിമാനി വാരികയിലെ ചീഫ് സബ് എഡിറ്റർ എൻ രാജന്റെ കഥാസമാഹാരം 'ഉദയ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ്' മന്ത്രി പി രാജീവ് പ്രകാശിപ്പിച്ചു. കഥാകൃത്ത് പി എഫ് മാത്യുസ് പുസ്തകം ഏറ്റുവാങ്ങി. എൻ രാജന്റെ കഥകൾ ഒരു കാലഘട്ടത്തിന്റെ അടയാളപ്പെടുത്തലാണെന്ന് മന്ത്രി പി രാജീവ് പറഞ്ഞു. ഇന്നത്തെ കാലഘട്ടത്തിന്റെ ലാഭാധിഷ്ഠിതമായ കാഴ്ചപ്പാടുകളെ കഥയിലേക്ക് ചുരുക്കി കൈയടക്കത്തോടെ അവതരിപ്പിക്കാൻ രാജന് കഴിഞ്ഞു. സങ്കീർണതകളില്ലാതെ ലളിതമായി കഥപറയുന്നതാണ് രാജന്റെ ശൈലിയെന്നും രാജീവ് പറഞ്ഞു.

ഓർമ ഇല്ലാതായാലുള്ള അർഥമില്ലായ്മയാണ് രാജനെന്ന കഥാകൃത്ത് സമർഥമായി കൈകാര്യം ചെയ്തതെന്ന് പി എഫ് മാത്യുസ് പറഞ്ഞു. ഓർമകളുണ്ടായിരിക്കണം എന്ന് ഓർമിപ്പിക്കുന്നതാണ് കഥകളെന്നും അദ്ദേഹം പറഞ്ഞു.

ദേശാഭിമാനി വാരിക ചീഫ് സബ് എഡിറ്റർ എൻ രാജന്റെ കഥാസമാഹാരം 'ഉദയ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ്' മന്ത്രി പി രാജീവ്, കഥാകൃത്ത് പി എഫ് മാത്യുസിന് നൽകി പ്രകാശിപ്പിക്കുന്നു

കൊച്ചി ദേശാഭിമാനി യൂണിറ്റിലെ, പി കണ്ണൻനായർ ഹാളിൽ നടന്ന ചടങ്ങിൽ അസോസിയറ്റ് എഡിറ്റർ സി ശ്